(ഇ) 1999-2000 അദ്ധ്യയന വർഷത്തിൽ സംസ്ഥാനത്തെ ആറു ജില്ലകളിലെ ആറാം ക്ലാസ്സിൽ ഏർപ്പെടുത്തിയ പുതിയ പാഠപുസ്തകങ്ങൾ 2000-2001 അദ്ധ്യയന വർഷത്തിൽ സംസ്ഥാനത്തെ എല്ലാ ജില്ലകളിലും ഏർപ്പെടുത്തുന്നുണ്ട്. കൂടാതെ ഏഴാം ക്ലാസ്സിൽ ഉപപാഠപുസ്തകങ്ങൾ ഒഴിച്ചുള്ള എല്ലാ പുസ്തകങ്ങൾക്കും മാറ്റമുണ്ട്.

(എഫ്) അദ്ധ്യയന വർഷാരംഭത്തിൽ തന്നെ എല്ലാ പാഠപുസ്തകങ്ങളും എല്ലാ വിദ്യാലയങ്ങളിലും എത്തിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

**അൺ ഇക്കണോമിക് സ്കൂളുകൾ**

**24 (3663)** ശ്രീ. മാമ്മൻ മത്തായി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് 1999-2000 വിദ്യാഭ്യാസ വർഷത്തിൽ എത്ര അൺ ഇക്കണോമിക് സ്കൂളുകൾ ഉണ്ടെന്ന് വ്യക്തമാക്കാമോ ; അവ ഏതെല്ലാമെന്ന് വിദ്യാഭ്യാസ ജില്ല തിരിച്ചുള്ള കണക്കുകൾ വെളിപ്പെടുത്തുമോ ;

(ബി) ഈ സ്കൂളിലെ കഴിഞ്ഞ മൂന്ന് വിദ്യാഭ്യാസ വർഷങ്ങളിലെ റോൾ സ്ട്രെങ്ത്, വെരിഫൈഡ് സ്ട്രെങ്ത്, ഇഫക്ടീവ് സ്ട്രെങ്ത് എന്നിവ എത്രയെന്ന് വെളിപ്പെടുത്തുമോ ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വിദ്യാർത്ഥികളുടെ കുറവുമൂലം വിദ്യാലയങ്ങൾ പൂട്ടിയിട്ടുണ്ടോ ; എങ്കിൽ ഏതെല്ലാം വിദ്യാലയങ്ങൾ ;

(ഡി) സംസ്ഥാനത്തെ അൺ എക്കണോമിക് സ്കൂളുകൾ പ്രവർത്തിപ്പിക്കുന്നതുമൂലം 1999-2000 സാമ്പത്തികവർഷം മുതൽ നാളിതുവരെ സർക്കാരിനുണ്ടായിട്ടുള്ള സാമ്പത്തിക നഷ്ടം എത്രയെന്ന് അറിയിക്കാമോ ?

ഉത്തരം

(എ & ബി) വിവരം ശേഖരിച്ചു വരുന്നു.

(സി) ഉണ്ട്, ഗവൺമെന്റ് എൽ.പി.എസ്., ശംഖുമുഖം, ഗവൺമെന്റ് എൽ.പി.എസ്. ആനത്തറ, ജി.യു.പി.എസ്. നന്തൻകോട്, സിറ്റി വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂൾ തിരുവനന്തപുരത്തിന്റെ യു.പി. വിഭാഗം എന്നിവയാണ് വിദ്യാർത്ഥികളുടെ കുറവുമൂലം പൂട്ടിയ വിദ്യാലയങ്ങൾ.

(ഡി) ഇതൊരു നഷ്ടമായി ഗവൺമെന്റ് കണക്കാക്കുന്നില്ല.

**ഡി. പി. ഇ. പി. മോണിറ്ററിംഗ് സമ്പ്രദായം**

**25 (3664)** ശ്രീമതി എൻ. കെ. രാധ
ശ്രീ. എളമരം കരീം
ശ്രീ. എൻ. കണ്ണൻ
ശ്രീ. എൻ. ആർ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഡി. പി. ഇ. പി. പദ്ധതി ജില്ലകളിൽ ഫലപ്രദമായി മോണിറ്ററിംഗ് നടക്കുന്നില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇതു ഫലപ്രദമായി നടക്കാത്തത് ജില്ലാ റിസോഴ്സ് ഗ്രൂപ്പിനെ (ഡി.ആർ.ജി.) നിയമിക്കാത്തതുകൊണ്ടാണ് എന്ന വിവരം സർക്കാരിന് അറിയാമോ;

(സി) എങ്കിൽ ഇത് പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ;

(ഡി) യു.പി. ക്ലാസ്സുകളിലേയ്ക്കുള്ള ട്രെയിനിംഗ് തുടങ്ങിയിട്ടുണ്ടോ; ഇല്ലെങ്കിൽ എന്നത്തേയ്ക്ക് തുടങ്ങാൻ കഴിയുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഡി. പി. ഇ. പി. ജില്ലകളിൽ ഫലപ്രദമായ രീതിയിൽ മോണിറ്ററിംഗ് നടക്കുന്നുണ്ട്. ജില്ലയിലെ പൊതുവായ പ്രവർത്തനങ്ങൾ പ്രോജക്ട് കോ-ഓർഡിനേറ്ററുടെ നേതൃത്വത്തിൽ മോണിറ്റർ ചെയ്യുന്നുണ്ട്.

(ബി) അക്കാഡമിക് പ്രവർത്തനങ്ങൾ മോണിറ്ററിംഗ് ചെയ്യുന്നതിന് അതാത് ജില്ലാ പ്രോജക്ട് കോ-ഓർഡിനേറ്റർമാർ, ഡയറ്റ് പ്രിൻസിപ്പൽ, ഡയറ്റ് അദ്ധ്യാപകർ, ജില്ലാ പ്രോഗ്രാം ഓഫീസർമാർ, സി. ആർ. ഡി. ട്രെയിനർമാർ തുടങ്ങിയവർ ഉൾപ്പെടുന്ന സി. എൻ. ജി. എല്ലാ ഡി.പി.ഇ.പി. ജില്ലകളിലും നിലവിലുണ്ട്.

(സി) ചോദ്യം ഉദിക്കുന്നില്ല.

(ഡി) യു.പി. ക്ലാസ്സുകളിലേയ്ക്കുള്ള അദ്ധ്യാപക പരിശീലനം 2000 ഏപ്രിൽ ഒന്നു മുതൽ തുടങ്ങുവാനാണ് ഉദ്ദേശിക്കുന്നത്.

**ഡി. പി. ഇ. പി. പദ്ധതി**

**26 (3665)** ശ്രീ. എം. പി. വർഗ്ഗീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഡി.പി.ഇ.പി. സംസ്ഥാനത്തെ എല്ലാ ജില്ലകളിലും നടപ്പിലാക്കിയിട്ടുണ്ടോ;

(ബി) പദ്ധതി തുടർന്നും നടത്തുവാനുദ്ദേശിക്കുന്നുണ്ടോ ?

ഉത്തരം

(എ) ഡി.പി.ഇ.പി. സംസ്ഥാനത്ത് തിരുവനന്തപുരം, ഇടുക്കി, പാലക്കാട്, മലപ്പുറം, വയനാട്, കാസർഗോഡ് എന്നീ ആറു ജില്ലകളിൽ മാത്രമേ നടപ്പാക്കിയിട്ടുള്ളൂ. എന്നാൽ, ഡി.പി.ഇ.പി. രൂപപ്പെടുത്തി, എസ്.സി.ഇ.ആർ.ടി. പരിഷ്ക്കരിച്ച പാഠ്യപദ്ധതിയാണ് സംസ്ഥാനത്തെ എല്ലാ സർക്കാർ/അംഗീകൃത എയ്ഡഡ് സ്കൂളുകളിലെയും ഒന്നു മുതൽ നാലുവരെ ക്ലാസ്സുകളിൽ നടപ്പിലാക്കിയിട്ടുള്ളത്.

(ബി) പദ്ധതിയുടെ ഒന്നാംഘട്ടം (കാസർകോഡ്, വയനാട്, മലപ്പുറം ജില്ലകൾ) 30-9-2001-ലും, രണ്ടാം ഘട്ടം (തിരുവനന്തപുരം, ഇടുക്കി, പാലക്കാട് ജില്ലകൾ) 31-12-2002-ലും അവസാനിക്കും. പദ്ധതി പ്രസ്തുത തീയതിക്ക് ശേഷവും തുടരണമോ എന്നതിലേയ്ക്കായി നയപരമായ തീരുമാനമൊന്നും സർക്കാർ കൈക്കൊണ്ടിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly